നം/ഐസിഡിഎസ്സ്/എ7-5914/21

വനിതശിശുവികസനഡയറക്ടറേറ്റ്
പൂജപ്പുര,തിരുവനന്തപുരം
തീയതി – 31/03/2021
ഇമെയിൽ-directorate.wcd@kerala.gov.in
ഫോൺ നം 0471-2346534

വനിതശിശുവികസനഡയറക്ടർ

എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
എല്ലാ ശിശുവികസനപദ്ധതി ആഫീസർമാർക്കും
സർ

വിഷയം : വനിതശിശുവികസനവകുപ്പ്- MGNREGS മായി ചേർന്നുള്ള അങ്കണവാടി
കെട്ടിട നിർമ്മാണം-പ്രൊപ്പോസൽ ലഭ്യമാക്കുന്നത്-സംബന്ധിച്ച്

സൂചന : കേന്ദ്ര സർക്കാരിന്റെ 29/03/2017 തീയതിയിലെ
F.No.CD-14/102/2015/CD-II നമ്പർ കത്ത്

വനിതശിശുവികസന വകുപ്പിന് കീഴിലുള്ള 923 അങ്കണവാടികൾക്ക് MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഒരു അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ MGNREGS മിഷനും , 2 ലക്ഷം രൂപ 60:40 എന്ന കേന്ദ്ര സംസ്ഥാന അനുപാതത്തിലും ബാക്കി തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ആദ്യ ഘട്ടമായി അനുവദിച്ച 720 അങ്കണവാടി കെട്ടിടങ്ങളിൽ 711 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി വിവിധ ഘട്ടങ്ങളിലായി ഈ കാര്യാലയത്തിൽ നിന്നും നൽകിയിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം അനുവദിച്ച കെട്ടിടങ്ങളിൽ 203 അങ്കണവാടികൾക്കു കൂടി MGNREGS പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് സൂചന (4) പ്രകാരം കേന്ദ്ര വിഹിതം ലഭ്യമായിട്ടുണ്ട്. കേന്ദ്ര വിഹിതമായ 243.6 ലക്ഷം രൂപയുടെ ആനുപാതിക സംസ്ഥാനവിഹിതമായ 162.4 ലക്ഷം രൂപയും ചേർത്ത് ആകെ 406 ലക്ഷം രൂപ 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. MGNREGS പദ്ധതി പ്രകാരം കെട്ടിടം നിർമ്മാണം സാദ്ധ്യമാകുന്ന സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് ടി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണാനുമതി ലഭിക്കുന്നതിനായി ബന്ധപ്പെട്ട ശിശുവികസനപദ്ധതി ആഫീസർമാർ പ്രൊപ്പോസൽ തയ്യാറാക്കി പ്രോഗ്രാം ആഫീസർമാർക്ക് നല്കേണ്ടതാണ്. സിഡിപിഒമാരിൽ നിന്നും ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പ്രോഗ്രാം ആഫീസർമാർ 10/04/2021 നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

for വനിതശിശുവികസനഡയറക്ടർ